**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 110** **22-07-2021 - ൽ മറുപടിയ്ക്ക്**

**ചരക്കുസേവന നികുതി കുടിശ്ശിക തീർപ്പാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ചരക്കുസേവന നികുതി കടിശ്ശിക തീർപ്പാക്കാൻ സർക്കാർ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | ചരക്കുസേവന നികുതി കടിശ്ശിക തീർപ്പാക്കുന്നതിനായി നിലവിൽ പ്രത്യേക പദ്ധതികൾ ഒന്നുംതന്നെ ഒരുക്കിയിട്ടില്ല. നിലവിൽ നികുതി കുടിശ്ശിക തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട ആംനസ്റ്റി സ്കീം പ്രഖ്യാപിച്ചിരിക്കുന്നത് ചരക്ക സേവന നികുതി നിയമത്തിനു മുൻപ് ഉണ്ടായിരുന്ന നിയമങ്ങളുമായി ബന്ധപ്പെട്ട (വാറ്റ്, സി.എസ്.ടി., കേരള ജനറൽ സെയിൽസ് ടാക്സ്, ലക്ഷ്വറി ടാക്സ്, കേരള കാർഷികാദായ നികുതി, സർചാർജ് തുടങ്ങിയവ) കുടിശ്ശികയിന്മേലാണ്. നിലവിലെ ആംനസ്റ്റി സ്കീം അനുസരിച്ച് ജി.എസ്.ടി.ക്കു മുൻപുള്ള നിയമങ്ങളുമായി ബന്ധപ്പെട്ട നികുതി കുടിശ്ശികയിന്മേലുള്ള (കേരള ജനറൽ സെയിൽസ് ടാക്സ് നിയമപ്രകാരം 01-04-2005 നു ശേഷമുള്ള കുടിശ്ശികകൾ ഒഴികെ) പലിശയും പിഴയും പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ ആംനസ്റ്റി സ്കീം അനുസരിച്ച ഒറ്റത്തവണയായി കുടിശ്ശിക തീർപ്പാക്കുകയാണെങ്കിൽ നികുതി കുടിശ്ശികയുടെ 40% ഉം തവണകളായി അടയ്ക്കുകയാണെങ്കിൽ 30%-ഉം ഒഴിവാക്കപ്പെടും. കേരള ജനറൽ സെയിൽസ് ടാക്സ് നിയമപ്രകാരം 01-04-2005 മുതൽ 31-03-2021 വരെയുള്ള കുടിശ്ശികകൾക്കു നികുതി കുടിശ്ശികയും പലിശയും അടച്ചാൽ മതിയാകും. പിഴ പൂർണ്ണമായും ഒഴിവാക്കപ്പെടും. ആംനസ്റ്റി സ്കീം സ്വീകരിക്കുന്നതിനായി 31-08-2021-ന് മുൻപ് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കേണ്ടതാണ്. |
| (ബി) | നികുതി കുടിശ്ശികയുടെ പലിശയും പിഴപ്പലിശയും സർക്കാർ ഒഴിവാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ; | (ബി) | നിലവിലെ ആംനസ്റ്റി സ്കീം അനുസരിച്ച് ജി.എസ്.ടി.ക്കു മുൻപുള്ള നിയമങ്ങളുമായി ബന്ധപ്പെട്ട നികുതി കുടിശ്ശികയിന്മേലുള്ള (കേരള ജനറൽ സെയിൽസ് ടാക്സ് നിയമ പ്രകാരം 01-04-2005-നു ശേഷമുള്ള കുടിശ്ശികകൾ ഒഴികെ) പലിശയും പിഴയും പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ ആംനസ്റ്റി |

| | | | |
|---|---|---|---|
| | | | സ്കീം അനുസരിച്ച് ഒറ്റത്തവണയായി കുടിശ്ശിക തീർപ്പാക്കുകയാണെങ്കിൽ നികുതി കുടിശ്ശികയുടെ 40%-ഉം തവണകളായി അടയ്ക്കുകയാണെങ്കിൽ 30%-ഉം ഒഴിവാക്കപ്പെടും. കേരള ജനറൽ സെയിൽസ് ടാക്സ് നിയമ പ്രകാരം 01-04-2005 മുതൽ 31-03-2021 വരെയുള്ള കുടിശ്ശികകൾക്കു നികുതി കുടിശ്ശികയും പലിശയും അടച്ചാൽ മതിയാകും. പിഴ പൂർണ്ണമായും ഒഴിവാക്കപ്പെടും. |
| (സി) | കോടതികളിൽ വകുപ്പുതല അപ്പീൽ നൽകിയിട്ടുള്ള കേസുകൾക്കും ആംനസ്റ്റി ബാധകമാണോ എന്ന് വ്യക്തമാക്കാമോ? | (സി) | കോടതികളിൽ വകുപ്പുതല അപ്പീൽ നൽകിയിട്ടുള്ള കേസുകൾക്കും മേല്പറഞ്ഞ ആംനസ്റ്റി സ്കീം ബാധകമാണ്. ഇതിനായി ഒറിജിനൽ അസ്സെസ്സ്മെന്റ് ഓർഡറിൽ പറഞ്ഞിരിക്കുന്ന നികുതി കുടിശ്ശികയിന്മേൽ ആംനസ്റ്റി ഓപ്റ്റ് ചെയ്യേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ